**പതിനാലാം കേരളനിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3522** | **14.03.2017-ൽ മറുപടിക്ക്**

## പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | സംസ്ഥാനത്തെ പല പോലീസ് സ്റ്റേഷനുകളും വിവിധ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളുടെ ശവപ്പറമ്പായി മാറുന്നു എന്നത് അത്യന്തം ഗൌരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വാഹനങ്ങൾ ഉൾപ്പെട്ടിട്ടുള്ള കേസ്സുകളിൽ, നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ വാഹനം വിട്ടുകൊടുക്കണമെന്നതു സംബന്ധിച്ച് പരമോന്നത കോടതികൾ എന്തെങ്കിലും തരത്തിലുള്ള വിധി പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. ബഹു. സുപ്രീം കോടതിയുടെ SLP 2745 with 2755/2002 (451, 457 CrPC) നമ്പർ ഉത്തരവ് പ്രകാരം. |
| (സി) | വാഹനങ്ങൾ നശിച്ചു പോകാതെ ബോണ്ടിന്റെയോ, സെക്യൂരിറ്റിയുടേയോ അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ അവ ഉടമകൾക്ക് മടക്കി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മറ്റ് നിയമ തടസങ്ങൾ ഒന്നുംതന്നെ ഇല്ലെങ്കിൽ ഉടമയ്ക്ക് വിട്ടുകൊടുക്കാൻ കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ